കാർഷിക മേളയ്ക്കും പ്രദർശനത്തിനും തുടക്കം

കാസർകോട്: കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ (സി.പി.സി.ആർ.ഐ) ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായുള്ള കാർഷിക മേളയ്ക്കും പ്രദർശനത്തിനും പ്രൗഢമായ തുടക്കം. ഇതിന്റെ ഉദ്ഘാടനം കാസർകോട് സി.പി.സി.ആർ.ഐ അങ്കണത്തിൽ നടന്ന ചടങ്ങിൽ കേന്ദ്ര കൃഷി മന്ത്രി രാധാമോഹൻ സിംഗ് നിർവഹിച്ചു. ശതാബ്ദി മന്ദിരത്തിന്റെയും സഹസ്രാബ്ദ അതിഥി മന്ദിരത്തിന്റെയും ഉദ്ഘാടനവും കേന്ദ്ര മന്ത്രി നിർവ്വഹിച്ചു. 20 വിദേശ ശാസ്ത്രജ്ഞർ ഉൾപ്പെടെ 150 ഓളം പ്രമുഖരാണ് സെമിനാറിൽ പങ്കെടുക്കുന്നത്.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ആയിരക്കണക്കിന് കർഷകർ ചടങ്ങിനെത്തി. 13 വരെ വിപുലമായ കാർഷിക മേളയും സംഘടിപ്പിച്ചിട്ടുണ്ട്. അമ്പതോളം സ്റ്റാളുകളാണ് സി.പി.സി.ആർ.ഐ.യിൽ ഒരുക്കിയ പ്രദർശന മേളയിൽ ഉള്ളത്. പഴം കൊണ്ടുണ്ടാക്കിയ ഷർട്ടുകൽ, സാരികൾ തുടങ്ങിയവ പ്രദർശനത്തിലുണ്ട്. വിവിധ തരം ചെടികൾ, മാവ്, തെങ്ങ്, അടയ്ക്ക തുടങ്ങിയ ഉത്പന്നങ്ങളുടെ തൈകൊ വിപുലമായ പ്രദർശനവും വിൽപ്പനയും മേളയിൽ സജ്ജമാക്കിയിട്ടുണ്ട്.

സിപിസിആർഐ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി നടക്കുന്ന കാർഷിക പ്രദർശനം

മേളയുടെ ഭാഗമായി ഇന്ന് രാവിലെ 10 മണി മുതൽ സെമിനാറുകൽ, കാർഷിക പ്രശ്നോത്തരി, വിളമത്സരം, നാളികേര മൂല്യ വർദ്ധിത വിഭവങ്ങളുടെ മത്സരം, കാർഷിക പ്രദർശനം. 12 ന് സെമിനാറുകൾ, കാർഷിക പ്രദർശനം, 13 ന് വൈകുന്നരം കാർഷിക പ്രദർസനം സമാപിക്കും.